## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1515** **05/02/2019- ൽ മറുപടിയ്ക്ക്**

## കാർഷിക ഉൽപന്നങ്ങളുടെ വിലത്തകർച്ച

**ചോദ്യം**
**ശ്രീ.എം. രാജഗോപാലൻ**

(എ) കാർഷിക ഉൽപന്നങ്ങളുടെ വിലതകർച്ച നേരിടുന്ന കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ ന്യായമായ വിലയ്ക്ക് വിറ്റഴിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നിലവിൽ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

**ഉത്തരം**
**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

(എ) കാർഷിക ഉല്പന്നങ്ങളുടെ വിലത്തകർച്ച നേരിടുന്ന കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിറ്റഴിക്കുന്നതിന് കൃഷിവകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ തിരുവനന്തപുരം, വയനാട്, കോഴിക്കോട് ജില്ലകളിലായി 6 കാർഷിക മൊത്ത വ്യാപാര വിപണികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി വിപണികളിൽ ലേല സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. പച്ചക്കറി വികസന പദ്ധതി പ്രകാരം കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ ന്യായവിലയ്ക്ക് ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട്,. വിറ്റഴിക്കുന്നതിനുള്ള സംവിധാനം മുപ്പത്തിനാല് ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുകൾ, 240 എ ഗ്രേഡ് ക്ലസ്റ്റർ വിപണികൾ എന്നിവയിലൂടെ നടപ്പിലാക്കി വരുന്നു. വിപണി ശക്തിപ്പെടുത്താൻ പദ്ധതിയുടെ ഭാഗമായി കേരളത്തിലൊട്ടാകെ 400 ആഴ്ച്ച ചന്തകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ആഴ്ച്ച ചന്തകളുടെ നടത്തിപ്പിൽ കുടുംബശ്രീ സംവിധാനം ഉൾപ്പെട്ടിട്ടുണ്ട്. ഇതു കൂടാതെ സർക്കാർ ഏജൻസിയായ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സംസ്ഥാനത്ത് ഒട്ടാകെ 283 സ്വാശ്രയ കർഷക സമിതികൾ രൂപീകരിച്ച് വിപണന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നുണ്ട്. ടി വിപണികളിൽ ലേല സംവിധാനത്തിലൂടെയാണ് പഴം പച്ചക്കറികൾ വിറ്റഴിച്ചു വരുന്നത്. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നുണ്ട്. കൂടാതെ ഹോർട്ടികോർപ്പ് സംഭരണ കേന്ദ്രങ്ങളിലൂടെ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കർഷകരിൽ നിന്നും, കർഷക കൂട്ടായ്മകളിൽ നിന്നും, കാർഷിക മൊത്ത വ്യാപാര വിപണികളിൽ നിന്നും കാർഷികോല്പന്നങ്ങൾ ന്യായ വിലയ്ക്ക് സംഭരിച്ച് വിതരണം ചെയ്തു വരുന്നുണ്ട്.നെല്ലിന് വാങ്ങുവില നൽകി സംഭരിച്ചു വരുന്നു.

| | |
|---|---|
| (ബി) റബറിന്റെ വിലതകർച്ച സ്ഥിരമായി തുടരുന്നതിനാൽ റബ്ബർ കർഷകർക്ക് ആശ്വാസമായി പദ്ധതികൾ എന്തെങ്കിലും വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) റബ്ബറിന്റെ വിലത്തകർച്ച മൂലം പ്രതിസന്ധിയിൽ ആയ റബ്ബർ കർഷകർക്ക് ആശ്വാസമായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി 2015 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. ധനകാര്യവകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.റബ്ബർ ഉല്പാദക സംഘങ്ങളുടെ സഹായത്തോടെയാണ് റബ്ബർ കർഷകരെ തെരഞ്ഞെടുക്കുന്നത്. കർഷരുടെ രജിസ്ട്രേഷൻ ഓൺലൈനായി ചെയ്തു വരുന്നതും. ഇപ്രകാരം രജിസ്റ്റർ ചെയ്ത കർഷകരുടെ അക്കൗണ്ടിലേയ്ക്കാണ് ഇൻസെന്റീവ് തുക ആനുകൂല്യമായി നൽകി വരുന്നത്. റബ്ബറിന്റെ താങ്ങുവിലയിലും, റബ്ബർ ബോർഡ് കിലോയ്ക്ക് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിലാണ് നൽകിവരുന്നത്. റബ്ബർ/റബ്ബർ പാൽ/ഇവ രണ്ടും സബ്സിഡിയ്ക്കായി പരിഗണിച്ചുവരുന്നു. ഒരു വർഷം പരമാവധി 1800 കിലോ ഗ്രാമിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടർ താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിയ്ക്ക് സബ്സിഡി നൽകി വരുന്നു. കിലോയ്ക്ക് 150/- രൂപയാണ് ഇപ്പോൾ താങ്ങുവിലയായി കണക്കാക്കുന്നത്. കർഷകരുടെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട ഇൻസെന്റീവ് തുക, ഇൻസെന്റീവിന് അർഹമായ വിറ്റ തൂക്കം, അർഹമായ അവശേഷിക്കുന്ന തൂക്കം എന്നിവ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ് ആയി കർഷകന് നൽകി വരുന്നുണ്ട്. |

റബ്ബർ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക അനുവദിച്ചു കൊണ്ട് ധനകാര്യവകുപ്പ് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക കൃഷിഡയറക്ടർ ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നു. പ്രസ്തുത അക്കൗണ്ടിൽ നിന്നും സബ്സിഡി വിതരണത്തിന് അനുമതി നൽകിക്കൊണ്ട് സർക്കാർ ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും റബ്ബർ കർഷകർക്ക് അർഹമായ സബ്സിഡി തുക അതാതു അക്കൗണ്ടുകളിലേയ്ക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന വിതരണം നടത്തി വരുകയും ചെയ്തു വരുന്നു.

**സെക്ഷൻ ഓഫീസർ**